# കോളേജ് വിദ്യാഭ്യാസ വകുപ്പ്

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജുകൾ - ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: സി 2/4248/2017/കോ.വി.വ തീയതി: 06/06/2019

---

പരാമർശം:- 1) 29/05/2019 -ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്.

2) 28/05//2016 -ലെ സി 1/8771/2016/കോ.വി.വ. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് അക്കൗണ്ടന്റ്മാരുടെ മുൻഗണനാപട്ടിക.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി. സ്റ്റെല്ലാ മേരീസ് 31/05/2019 -ന് വിരമിച്ചതുവഴി ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരൊഴിവ് നിലനിൽക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റ്മാരുടെ മുൻ ഗണനാപട്ടിക അനുസരിച്ച് ചുവടെ പേരു ചേർത്തിരിക്കുന്ന ഹെഡ് അക്കൗണ്ടന്റിനെ 30700 - 65400 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു. പരാമർശം (2) മുൻഗണനാപട്ടികയിലെ ക്രമ നം. 65 വരെയുള്ളവർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്.

| ക്രമ നം | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പരാമർശം (2) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | ജൂനിയർ സൂപ്രണ്ട് തസ്തിയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ. റിജി ഐ.ജെ. ഹെഡ് അക്കൗണ്ടന്റ് ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി | 66 | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ ശ്രീമതി. സ്റ്റെല്ലാ മേരിസ് വിരമിച്ച ഒഴിവിൽ |

സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരൻ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവി ടിയാൻ വിടുതൽ ചെയ്ത വിവരം ഈ കാര്യാലയത്തിലേക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.collegiateedu.kerala.gov.in ) ലഭ്യമാണ്.

ഒപ്പ്/-
ഷൂജ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) ബന്ധപ്പെട്ട ജീവനക്കാരന്
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3) സി 5/സി 1 സെക്ഷൻ
4) അക്കൗണ്ട്സ് സെക്ഷൻ
5) കരുതൽ ഫയൽ/നടപ്പു ഫയൽ

// അംഗീകാരത്തോടെ//

വൈ.റ്റി. 6/6/19

സൂപ്രണ്ട്